Internal Media Cell
35th National Games, Kerala
National Games Organising Committee
Chandrasekharan Nair Stadium
Palayam, Thiruvananthapuram
PIN - 695 034, India
Ph: 0471 - 2302287
Fax: 0471 - 2302267
www.kerala2015.com
35thngskerala@gmail.com

## നാഷണൽ ഗെയിംസിന അനശ്വരചാരുത പകരാൻ

## കോഫീടേബിൾബുക്കും സുവനീറും

തിരുവനന്തപുരം 20 സെപ്തംബർ 2014: ഇന്ത്യൻ കായികരംഗത്തിന്റെ ഹൃദയത്തുടിപ്പുകളും പോരാട്ടത്തിന്റെ ചരിത്രവും അനശ്വരമുഹൂർത്തങ്ങളും ആവേശകരമായ നിമിഷങ്ങളും വാക്കുകളിലും ചിത്രങ്ങളിലും അവതരിപ്പിക്കുന്ന നാഷണൽ ഗെയിംസിന്റെ ചാരുത പൂർണ്ണമായും പകർത്തുന്ന കോഫീ ടേബിൾ ബുക്കും സുവനീറും അണിയറയിൽ ഒരുങ്ങുന്നു. നാഷണൽ ഗെയിംസ് സുവനീർ കമ്മിറ്റിയാണ് കായികപ്രേമികൾക്കായി ഈ അമൂല്യ ഉപഹാരങ്ങളൊരുക്കുന്നത്.

ഗെയിംസ് ആരംഭിക്കുന്ന ജനുവരി 31നു മുൻപ് പ്രസിദ്ധപ്പെടുത്തുന്ന തരത്തിലാണ് കോഫീ ടേബിൾ ബുക്ക് തയ്യാറാകുന്നത്. നാഷണൽ ഗെയിംസിന്റെ പ്രാധാന്യം സമൂഹമനസ്സുകളിലേക്ക് പകർന്നു നൽകുന്ന തരത്തിലുള്ള ലേഖനങ്ങളും ഇതുവരെ കടന്നു പോയ നാഷണൽ ഗെയിംസിന്റെ ചരിത്രവസ്തുതകളും അവിസ്മരണീയ ചിത്രങ്ങളും സുവനീറിനെ സമ്പന്നമാക്കും. കായികകേരളം ദേശീയ അന്തർദേശീയ തലങ്ങളിലേക്ക് സംഭാവന ചെയ്ത ഉജ്ജ്വല കായികതാരങ്ങളെക്കുറിച്ചും അവരുടെ ജീവിതത്തെക്കുറിച്ചും നേട്ടങ്ങളെക്കുറിച്ചുമുള്ള സചിത്രലേഖനങ്ങളും ഫീച്ചറുകളും സുവനീറിനെ ശ്രദ്ധേയമാക്കും.



കേരളത്തിന്റെ പരമ്പരാഗത കായിക സംസ്കാരത്തിന്റെ ഗൃഹാതുരത്വം ഉണർത്തുന്ന കോഫീടേബിൾ ബുക്കിൽ വിവിധ കായികമത്സരങ്ങൾ, മഹനീയ കായിക വ്യക്തിത്വങ്ങൾ തുടങ്ങിയവയെക്കുറിച്ചുള്ള ദൃശ്യമനോഹര ഫീച്ചറുകളുമുണ്ടായിരിക്കും. പൂർണ്ണമായും ജനശ്രദ്ധ ആകർഷിക്കത്തക്ക രീതിയിൽ മികച്ച നിലവാരത്തിലാകും കോഫീടേബിൾബുക്കിന്റെയും സുവനീറിന്റെയും കെട്ടുംമട്ടും ഉള്ളടക്കവും.

15 ദിവസം നീണ്ടു നിൽക്കുന്ന ഇന്ത്യയിലെ തന്നെ ഏറ്റവും വലിയ കായിക മാമാങ്കത്തിന്റെ ഓർമ്മകൾ എന്നെന്നും കാത്തു സൂക്ഷിക്കത്തക്ക തരത്തിൽ ഉയർന്ന നിലവാരത്തിൽ മിഴിവോടെ സുവനീർ തയ്യാറാകും. ഗെയിംസിൽ പങ്കെടുക്കുന്ന താരങ്ങളെക്കുറിച്ചും വിവിധ മത്സരയിനങ്ങളെക്കുറിച്ചും മത്സരഫലങ്ങളെക്കുറിച്ചുമുള്ള സമ്പൂർണ വിവരങ്ങൾ സുവനീറിലുണ്ടാകും.

അന്താരാഷ്ട്ര നിലവാരത്തിലുള്ള ഡിസൈനും അച്ചടിയും സംവിധാനവും ഈ പ്രസിദ്ധീകരണങ്ങളെ അവിസ്മരണീയമാക്കും.